# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: സി1/26117/10

തൈക്കാട്, തിരുവനന്തപുരം-14
തീയതി : 31/10/2011

## <u>സർക്കുലർ</u>

ആഗസ്റ്റ് 2009 അഡ്മിഷൻ മുതൽ എൻ.സി.വി.റ്റി പരീക്ഷ പാസ്സാകുന്നവർക്ക് സർട്ടിഫിക്കറ്റുകൾ ഡി.ജി.ഇ.റ്റി തന്നെ തയ്യാറാക്കി നൽകുന്നതാണ്. ആയതിലേയ്ക്ക് ആഗസ്റ്റ് 2009 മുതൽ എൻ.സി.വി.റ്റി ട്രേഡുകളിൽ പ്രവേശനം നേടിയവരുടെ കൃത്യമായ വിവരങ്ങൾ ഡി.ജി.ഇ.റ്റി-യ്ക്ക് അയച്ചു കൊടുക്കേണ്ടതുണ്ട്. 2009-ലേയും 2010-ലേയും വിവരങ്ങൾ സി.ഡി-യിൽ നൽകുന്നതിന് ഈ ആഫീസിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ഐ.ടി.ഐ. കളിൽ നിന്നും ലഭിച്ച വിവരങ്ങൾ ഡി.ജി.ഇ.റ്റി-യ്ക്ക് അയച്ചുകൊടുത്തിരുന്നു. എന്നാൽ ഡി.ജി.ഇ.റ്റി പുതിയ പ്രൊഫോർമ അയച്ചുതരികയും ആയത് അനുസരിച്ച് വിവരങ്ങൾ നൽകാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. കൂടാതെ മുമ്പ് നൽകിയ വിവരങ്ങളിൽ ധാരാളം അപാകതകൾ ചൂണ്ടികാണിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഡി.ജി.ഇ.റ്റി ഇപ്പോൾ നൽകിയിരിക്കുന്ന Format A,B,C,D (നാല് ഫോർമാറ്റുകൾ) കളിൽ വിവരങ്ങൾ അടിയന്തിരമായി നൽകേണ്ടതാണ്. വിവരങ്ങൾ നൽകുമ്പോൾ ഡി.ജി.ഇ.റ്റി ചൂണ്ടിക്കാണിച്ച അപാകതകൾ ഒഴിവാക്കേണ്ടതിനാൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശ്ശനമായി പാലിക്കേണ്ടതാണ്.

I. വിവരങ്ങൾ നൽകുന്ന Proforma (soft copy) 'M.S. Excel 2007 format-ൽ' ഉള്ളതായിരിക്കണം.

II. ഡി.ജി.ഇ.റ്റി നൽകിയിരിക്കുന്ന 4 പ്രൊഫോർമകളിൽ അവ എങ്ങനെ രേഖപ്പെടുത്തണം എന്ന് വിശദമായി പറഞ്ഞിട്ടുണ്ട്. ഇത് കൃത്യമായി പാലിക്കേണ്ടതാണ്.

ഇതുകൂടാതെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി കർശ്ശനമായി പാലിക്കേണ്ടതാണ്.

1. വിവരങ്ങൾ നൽകുന്ന M.S.Excel 2007 Worskheet-ലെ ഒരു column-വും " **Merge** ' ചെയ്യാൻ പാടില്ല.
2. ട്രേഡുകളുടെ പേര് പൂർണ്ണമായി രേഖപ്പെടുത്തണം.
3. ഒരു ട്രെയിനിയുടെ **അഡ്രസ്സ് പൂർണ്ണമായും ഒരു സെല്ലിൽ** തന്നെ രേഖപ്പെടുത്തണം.

താഴെപ്പറയുന്ന പ്രകാരം അഡ്രസ്സ് രേഖപ്പെടുത്താൻ പാടില്ല.

Row No

| | | | | | |
|---|---|---|---|---|---|
| 1 | | Date of Birth | Address | Male/ Female | |
| 2 | | #8 | #9 | #10 | |
| 3 | | | SIVARAMAN | | |
| 4 | | | CHAITHRAM | | |
| 5 | | | KARAMANA | | |
| 6 | | | THIRUVANANTHAPURAM | | |

അഡ്രസ്സ് രേഖപ്പെടുത്തേണ്ട വിധം ചുവടെ ചേർക്കുന്നു.

Row No

| | | | | | |
|---|---|---|---|---|---|
| 1 | | Date of Birth | Address | Male/ Female | |
| 2 | | #8 | #9 | #10 | |
| 3 | | | SIVARAMAN<br>CHAITHRAM<br>KARAMANA<br>THIRUVANANTHAPURAM | | |

#19 column ആയി A.I.T.T ന്റെ Roll No. കൂടി രേഖപ്പെടുത്തണം. ഒന്നിലധികം പരീക്ഷകൾ എഴുതിയിട്ടുണ്ടെങ്കിൽ അവസാനം എഴുതിയ പരീക്ഷയുടെ Roll No. രേഖപ്പെടുത്തണം. Column No. #20-ൽ Hall Ticket ന്റെ വർഷവും മാസവും രേഖപ്പെടുത്തണം. (ഉദാ: Feb 2010, Aug 2010 etc.) Column No. #21- ആയി പി.എൻ.റ്റി.സി നംപരും രേഖപ്പെടുത്തണം.

നിശ്ചിത പ്രൊഫോർമകളും അവ എങ്ങനെ പൂരിപ്പിക്കണം എന്ന് മനസ്സിലാക്കുന്നതിന് പൂരിപ്പിച്ച മാതൃകയും ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റായ **www.det.kerala.gov.in**-ൽ നിന്നും ലഭ്യമാണ്.

നിശ്ചിത 4 പ്രൊഫോർമകളും പൂരിപ്പിച്ച് ( soft copy in CD) മുൻപ് Admission close ചെയ്ത പ്രൊഫോർമകളുടെയും, ബി.ഫോമുകളുടേയും പകർപ്പുകൾ സഹിതം ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ.യിൽ **19/11/2011 -ന്** മുമ്പായി സമർപ്പിക്കേണ്ടതാണ്. ഇതുകൂടാതെ പൂരിപ്പിച്ച വിവരങ്ങൾ M/.S.Excel 2007 format ൽ തന്നെ e.mail ആയി **dettraining@gmail.com** എന്ന വിലാസത്തിൽ നൽകേണ്ടതുമാണ്. ഇങ്ങനെ അയച്ചുതരുന്ന വിവരങ്ങൾ ശരിയായവ അല്ലെങ്കിൽ ആ വിവരം അറിയിക്കുന്നതിനായി I.T.I/ITC-യുടെ ഫോൺ നമ്പരും വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വ്യക്തിയുടെ പേരും ഫോൺ നമ്പരും കൂടി e.mail നോടൊപ്പം അയച്ചു തരേണ്ടതാണ്.

ആഗസ്റ്റ് 2011 അഡ്മിഷൻ വിവരങ്ങൾ പുതിയ പ്രൊഫോർമയിലും പ്രത്യേകം അയച്ചുതരേണ്ടതാണ്. ഇതിൽ column #19, #20, #21 എന്നിവ പുരിപ്പിക്കേണ്ടതില്ല.

നോഡൽ ഐ.ടി.ഐ.യുടെ കീഴിൽ വരുന്ന എല്ലാ ഐ.ടി.ഐ./ഐ.ടി.സി.കളിൽ നിന്നും പ്രൊഫോർമകൾ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ ശേഖരിക്കേണ്ടതാണ്. ഈ പ്രൊഫോർമകൾ അഡ്മിഷൻ ക്ളോസിംഗ്, ബി.ഫോം എന്നിവയുമായി ഒത്തുനോക്കി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതിനു ശേഷം ഓരോ ഐ.ടി.ഐ/ഐ.ടി.സി.കളിലേയും വിവരങ്ങൾ പ്രത്യേകം ഫോൾഡറുകളിലാക്കുകയും നോഡൽ ഐ.ടി.ഐ.യുടെ കീഴിൽ വരുന്ന

എല്ലാ ഐ.ടി.ഐ./ഐ.ടി.സി.കളുടെ ഫോൾഡറുകളും ഒറ്റ സി.ഡി-യിൽ ആക്കി ***30-11-2011-നകം*** ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതുമാണ്. ഇതോടൊപ്പം ഐ.ടി.ഐ/ഐ.ടി.സി.കളിൽ നിന്നും ലഭിച്ച വിവരങ്ങൾ അഡ്മിഷൻ രജിസ്റ്റർ, ബി.ഫോം എന്നിവയുമായി പരിശോധിച്ച് ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതായി സർട്ടിഫിക്കറ്റും നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ നൽകേണ്ടതാണ്. ഈ സർട്ടിഫിക്കറ്റ് സ്കാൻ ചെയ്ത് സി.ഡി-യിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

പ്രൊഫോർമകളിൽ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഡി.ജി.ഇ.റ്റി സർട്ടിഫിക്കറ്റുകൾ (എൻ.റ്റി.സി) തയ്യാറാക്കുന്നത് എന്നതിനാൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അഡീഷണൽ ഡയറക്ടർ

എല്ലാ ഗവ./പ്രൈവറ്റ് ഐ.ടി.ഐ.കൾക്കും
(നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ മുഖാന്തിരം)

പകർപ്പ് :-

1) എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
   (താങ്കളുടെ കീഴിൽ വരുന്ന എല്ലാ ഗവ/പ്രൈവറ്റ് ഐ.ടി.ഐ. കൾക്കും
   സർക്കുലറിന്റെ പകർപ്പ് അയച്ചുകൊടുക്കേണ്ടതും)സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.
2) എല്ലാ ഐ.ടി.മാർക്കും

ആർ.ഇ. 04/11/11